ദേശീയ സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾ മുഖേന പൊതുശുചിമുറികൾ നിർമിക്കുന്നതിന് 'ടേക്ക് എ ബ്രേക്ക്' പദ്ധതി പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് 188 പൊതുശുചിമുറികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. 526 ശുചിമുറികളുടെ പണി പുരോഗമിക്കുന്നു.

മാലിന്യനിർമ്മാർജ്ജനം

339 (1705) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫലപ്രദമായ മാലിന്യനിർമ്മാർജ്ജനം സാധ്യമാക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾക്കൊപ്പം ആവശ്യമായ ഇടങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളും ആസൂത്രണം ചെയ്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് മാലിന്യ നിർമാർജനം സാദ്ധ്യമാക്കുന്നതിന് സർക്കാർ നടപ്പാക്കിവരുന്നത്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിവരുന്നത്. അതുപോലെ നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക, സാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നു. അജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ തരംതിരിച്ച് ശേഖരിച്ച് പുനഃചംക്രമണം ചെയ്യുന്നതിനായി കൈമാറുന്നതിനുവേണ്ടി എം.സി.എഫ്., ആർ.ആർ.എഫ്. സെന്ററുകളുടെ പ്രവർത്തനവും തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ നടപ്പാക്കിവരുന്നു. കൂടാതെ അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫ്.-കളിലും, ആർ.ആർ.എഫ്.-കളിലും എത്തിക്കുന്നതിനായി ഹരിത കർമ്മ സേനകൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ട്. മിനി എം.സി.എഫ്. നിർമാണം, സോക്ക്പിറ്റുകളുടെ നിർമാണം, കമ്പോസ്റ്റ് പിറ്റുകളുടെ നിർമാണം എന്നിവയാണ്

LIBRARY ARCHIVES Kerala Legislative Assembly

നടന്നുവരുന്നത്. അവയുടെ പ്രവർത്തനം നടന്നുവരുന്നുണ്ട്. നഗരപ്രദേശങ്ങളിലേയും അനുബന്ധ പ്രദേശങ്ങളിലേയും മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി സാദ്ധ്യമായ ഇടങ്ങളിൽ ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന വേസ്റ്റ് റ്റു എനർജി പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ലോകബാങ്ക് സഹായത്തോടെ നഗരമാലിന്യ സംസ്കരണത്തിനായി കേരളം സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) ജൈവ-അജൈവ മാലിന്യങ്ങളെ വ്യാവസായികാടിസ്ഥാനത്തിൽ ഫലപ്രദമായി വിനിയോഗിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

അജൈവ പാഴ്വസ്തുക്കളെ പുന:ചംക്രമണത്തിനുള്ള വിഭവമായി കണക്കാക്കി ഹരിതകർമസേന മുഖേന വാതിൽപ്പടി ശേഖരണം നടത്തി ക്ലീൻ കേരള കമ്പനി വഴിയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സ്വകാര്യ സംരംഭകർ വഴിയും പുന:ചംക്രമണ വ്യവസായികളിലേയ്ക്ക് എത്തിക്കുന്ന നയമാണ് സംസ്ഥാനം നിലവിൽ പിന്തുടരുന്നത്. സംസ്ഥാനത്തെ ഒട്ടനവധി തദ്ദേശഭരണ സ്ഥാപനങ്ങൾ നിലവിൽ ഈ രീതിയിലേയ്ക്ക് മാറിക്കഴിഞ്ഞു. അടുത്ത ഒരുവർഷത്തിനുള്ളിൽ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഈ രീതിയിലേയ്ക്ക് എത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പുനഃചംക്രമണ വ്യവസായം വ്യാപകമാക്കിയിട്ടുള്ള അന്യസംസ്ഥാനങ്ങളിലേയ്ക്കാണ് നിലവിൽ ഈ പാഴ്വസ്തുക്കൾ പോവുന്നത്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് തന്നെ വ്യവസായ പാർക്കുകളുടെ ഭാഗമായി പുനഃചംക്രമണ വ്യവസായങ്ങൾ സർക്കാർ ആനുകൂല്യം ലഭ്യമാക്കി തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. തിരുവനന്തപുരം വേളിയിൽ ഇത്തരം ഒരു വ്യവസായം തുടങ്ങുന്നതിന് പാഴ്വസ്തു വ്യാപാരി അസോസിയേഷന് നിലവിൽ അനുമതി നൽകിയിട്ടുള്ളതും പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. ജൈവ മാലിന്യങ്ങൾ വിൻഡ്രോ കമ്പോസ്റ്റിംഗ്, തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റിംഗ് രീതികളിലൂടെ വികേന്ദ്രീകൃതമായി സംസ്കരിച്ച് ജൈവവളമാക്കി വിൽപ്പന നടത്തുന്ന 26 തദ്ദേശഭരണ സ്ഥാപനങ്ങൾ നിലവിൽ സംസ്ഥാനത്തുണ്ട്. ശുചിത്വ മിഷൻ വിവിധ സ്കീമുകളുടെ ഭാഗമായി കൂടുതൽ സ്ഥലങ്ങളിൽ ഇത്തരം സംസ്കരണ സംവിധാനങ്ങൾ നിലവിൽ വരുമ്പോൾ കൂടുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വ്യാവസായികാടിസ്ഥാനത്തിൽ ജൈവവള വ്യവസായം തുടങ്ങുന്നതിനുള്ള സാധ്യതകൾ ഉണ്ടാവും. അതുവഴി മാലിന്യ സംസ്കരണത്തിലൂടെ വരുമാനം ഉണ്ടാക്കുന്നതിനുള്ള സാദ്ധ്യത തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടാവും.

LIBRARY ARCHIVES Kerala Legislative Assembly

(സി) റസിഡന്റ്സ് അസോസിയേഷനുകളെയും ജനകീയ സമിതികളെയും ഇതര സംഘടനകളെയും ഫലപ്രദമായ മാലിന്യനിർമ്മാർജ്ജനത്തിന് ഉപയോഗപ്രദമാക്കാൻ പദ്ധതികൾ തയ്യാറാക്കുമോ; വിശദമാക്കുമോ?

റസിഡന്റ്സ് അസോസിയേഷനുകളെയും ജനകീയ സമിതികളെയും ഇതര സംഘടനകളെയും ഫലപ്രദമായ മാലിന്യ നിർമ്മാർജ്ജനത്തിന് ഉപയോഗപ്രദമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കിവരുന്നു. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ കുടുംബയിൻ അടിസ്ഥാനത്തിൽ റസിഡന്റ്സ് അസ്സോസിയേഷനുകളുടേയും ജനകീയ സമിതികളുടേയും ഇതര സംഘടനകളുടേയും പങ്കാളിത്തത്തോടുകൂടിയാണ് നടപ്പാക്കിവരുന്നത്.

(ഡി) തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി മാലിന്യനിർമ്മാർജ്ജനം സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. മിനി എം.സി.എഫ്. നിർമ്മാണം, സോക്പിറ്റുകളുടെ നിർമ്മാണം, കമ്പോസ്റ്റ്പിറ്റ് നിർമ്മാണം എന്നിവയാണ് പ്രധാനമായും നടന്നുവരുന്നത്.

കോവിഡ് മരണങ്ങൾ

340 (1706) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കണക്കുപ്രകാരം സംസ്ഥാനത്ത് നാളിതുവരെ എത്ര കോവിഡ് മരണങ്ങളാണ് സംഭവിച്ചിരിക്കുന്നത് എന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പ് കോവിഡ് മരണങ്ങളുടെ കണക്ക് സൂക്ഷിക്കുന്നില്ല. ആരോഗ്യ വകുപ്പാണ് കോവിഡ് മരണങ്ങളുടെ കണക്കെടുപ്പ് നടത്തുന്നത്.

കോട്ടുകാൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

341 (1707) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മണ്ഡലത്തിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ 2014-15 വർഷത്തിൽ ലോക ബാങ്ക് നൽകിയ തുക വിനിയോഗിച്ച് ആരംഭിച്ച മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം തുടർ വർഷങ്ങളിൽ പ്രസ്തുത ധനസഹായം നിർത്തിയതോടെ മുടങ്ങിയിരിക്കുകയാണോ?

LIBRARY ARCHIVES Kerala Legislative Assembly